SUKUMARA

Raja Silpi

രാജശില്പി

അവതരിപ്പിക്കുന്ന

ശ്രീകുമാരൻ തമ്പിയുടെ

# ഭൂഗോളം തിരിയുന്നു

-ഹസീനാ റിലീസ്-



## താരങ്ങളും കഥാപാത്രങ്ങളും

| | | |
|---|---|---|
| ശോഭന | — | മണി |
| രാഘവൻ | — | സുകുമാരൻ |
| വിൻസൻറ് | — | ജയൻ |
| ടി. ആർ. ഓമന | — | ഗൗരിയമ്മ |
| ആലുംമൂടൻ | — | പ്രക്കാട്ട് കുറുപ്പ് |
| ജനാർദ്ദനൻ | — | ഗോപി |
| സുകുമാരി | — | ചന്ദ്രമതി |
| K. P. A. C. ലളിത | — | വത്സല |
| ടി. എസ്. മുത്തയ്യ | — | സുബ്രഹ്മണ്യനാശാരി |
| എം. ജി. സോമൻ | — | ഡോക്ടർ മുരളി |
| റാണിചന്ദ്ര | — | വിജയമ്മ |
| ശങ്കരാടി | — | ആനശങ്കുപ്പിള്ള |
| ബഹദൂർ | — | കൃഷ്ണൻകുട്ടി |
| കുതിരവട്ടം പപ്പു | — | വണ്ടിക്കാരൻ |
| കുഞ്ചൻ | — | ആനക്കാരൻ പണിക്കർ |
| പോൾ വെങ്ങോല | — | വിവാഹദല്ലാൾ |
| സാധന | — | മോരുകാരി പാറു |
| സരസ്വതി | — | എലിസബത്ത് |
| അരവിന്ദാക്ഷൻ | — | വർഗ്ഗീസ് |
| ബേബിസുമതി<br>മാസ്റ്റർ രാജകുമാരൻതമ്പി | } | ഗോപിയുടെ കുട്ടികൾ |
| രാഗിണി (പുതുമുഖം) | — | വത്സലയുടെ അനിയത്തി |
| വിജയകുമാർ ( ,, ) | — | ചിത്രശാലാമാനേജർ |
| ടി. പി. ശശികുമാർ | — | വരൻ |
| മുതുകുളം നാരായണൻനായർ | — | വരൻെറ പിതാവ് |
| അശോക്കുമാർ (പുതുമുഖം) | | പോലീസുകാരൻ |

കൂടാതെ അബ്ബാസ്, സതീശ്, ബേബിചിത്രകല etc.

വിതരണം: ഹസീനാഫിലിംസ്

## അണിയറശില്പികൾ

| | | |
|---|---|---|
| കഥ, സംഭാഷണം, ഗാനങ്ങൾ | — | ശ്രീകുമാരൻതമ്പി |
| സംഗീതം | — | വി. ദക്ഷിണാമൂർത്തി |
| കലാസംവിധാനം | — | രാധാകൃഷ്ണൻ |
| ഛായാഗ്രഹണം | — | വിപിൻദാസ് |
| ചിത്രസംയോജനം | — | എം. എസ്. മണി |
| ഛായാഗ്രഹണ സഹായികൾ | — | രാമകൃഷ്ണൻ<br>ഭക്തവത്സലം |
| ചിത്രസംയോജനസഹായി | — | വൈരമൂർത്തി |
| ശബ്ദലേഖനം | — | കന്നിയപ്പൻ (എ. പി. എൻ.)<br>രാമചന്ദ്രൻ (ശ്യാമള)<br>കണ്ണൻ (ഭരണി)<br>വിശ്വനാഥൻ (എ. വി. എം.) |
| നിർമ്മാണനിർവ്വഹണം | — | ഡി. ഇൻബരാജ് &<br>എം.എസ്.വിജയകുമാർ |
| നിർമ്മാണനിയന്ത്രണം | — | എം. ജെ. കുര്യൻ |
| സംവിധാനസഹായികൾ | — | ആററൂർ സതീശ് &<br>പി. അശോക്കുമാർ |
| മേക്കപ്പ് | — | കെ. കെ. എസ്. മണി |
| വേഷം | — | ശങ്കർ |
| പുറംവാതിൽ കാഴ്ചകൾ | — | മൂർത്തിമൂവീസ് |
| നിശ്ചലചിത്രങ്ങൾ | — | ഗോപൻനായർ |
| മുദ്രണം | — | സി. സോമശേഖർ |
| പരസ്യസംവിധാനം | — | എസ്. എ. നായർ |
| ചിത്രീകരണംനടന്നസ്ഥലം | | ആററൂർ - തിരുവട്ടാർ-<br>തൃപ്പരപ്പ് ഗ്രാമങ്ങൾ |
| നിർമ്മാണം, സംവിധാനം | — | ശ്രീകുമാരൻതമ്പി |

# ഭൂഗോളം തിരിയുന്നു

## കഥാസൂചന:

ഭൂമി അതിന്റെ അച്ചുതണ്ടിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നു. വെളിച്ചവും ഇരുട്ടും തുല്യമായി ഭാഗിച്ചുതന്നു് സുഖവും ദുഃഖവും ഇടകലർന്ന ജീവിതത്തിന്റെ തത്വം വിളംബരം ചെയ്യുന്ന ഭൂഗോളത്തിൽ മനുഷ്യജീവിതം മറെറാരു അച്ചുതണ്ടിനെ കേന്ദ്രമാക്കി തിരിഞ്ഞുകൊണ്ടിരിക്കുന്നു—ആ അച്ചുതണ്ടു് സങ്കല്പമോ, സത്യമോ, സ്നേഹമോ, സ്വപ്നമോ.............?

## കഥാപാത്രങ്ങൾ സംസാരിക്കട്ടെ!

ജയൻ: (വിൻസൻറ്) സ്നേഹം സത്യമല്ല വെറുമൊരു സങ്കല്പം മാത്രം! ഭൂമിയുടെ അച്ചുതണ്ടുപോലെ ശാശ്വതമായി ഈ ഭൂമിയിൽ ഒന്നേയുള്ളു — പണം! പണം മാത്രം! പണമുണ്ടാക്കാൻതന്നെ ഞാൻ തീരുമാനിച്ചു. ഇന്നലെവരെ ജീവിതം എന്റെ മുഖത്തുനോക്കി ചിരിച്ചു. നാളെ എനിക്കു ജീവിതത്തിന്റെ മുഖത്തുനോക്കി ചിരിക്കണം. പണംകൊണ്ടു് പണത്തെ എറിഞ്ഞുവീഴ്ത്തണം. പണമുണ്ടായിക്കഴിഞ്ഞാൽ നാട്ടുകാരും വീട്ടുകാരുമൊക്കെ എന്റെ പിന്നാലെ വരും; പട്ടികളെപ്പോലെ!

സുകുമാരൻ: (രാഘവൻ) പണമുണ്ടാക്കുന്നതു കൊള്ളാം. പക്ഷേ, അതു് ഹൃദയത്തിൽ ചവിട്ടിനിന്നുകൊണ്ടാവരുതു്. മഞ്ഞുമൂടിയ അഗ്നിപർവ്വതമാണു് പണക്കാരന്റെ ഹൃദയം. മഞ്ഞിന്റെ നിറമേ പുറത്തുകാണൂ. സ്നേഹം മാത്രമാണു് ശാശ്വതം! എല്ലാവരും എല്ലാവരെയും ഉപേക്ഷിച്ചാൽ ഭൂമിയിൽ സ്നേഹം എന്നൊന്നവശേഷിക്കുമോ..................?

ഗോപി: (ജനാർദ്ദനൻ) ജീവിതത്തെ വരുന്നതുപോലെ സ്വീകരിക്കുക! അല്ലാതെന്തുചെയ്യും? വെള്ളമില്ലാത്തിടത്തു മുങ്ങാനൊക്കുമോ?

ഡോക്ടർ മുരളി: (എം. ജി. സോമൻ) സത്യം, ധർമ്മം, മൂല്യം എന്നൊക്കെ പറയാം. പക്ഷേ, ജീവിതത്തിൽ പകർത്തിക്കാട്ടാൻ പ്രയാസമാണ്. ജയിലിലുള്ളതിനെക്കാൾ കൂടുതൽ കള്ളന്മാർ ജയിലിനു പുറത്തുണ്ട്. അവർ ബുദ്ധിമാന്മാരായതുകൊണ്ട് അകപ്പെടുന്നില്ലെന്നു മാത്രം!

കൃഷ്ണൻകുട്ടി: (ബഹദൂർ) ജീവിക്കാനാണോ ഈ നാട്ടിൽ പ്രയാസം? കള്ളപ്പൊന്ന്, കള്ളക്കടത്ത്, കള്ളനോട്ട്, കാർണിവൽ — ഇതൊന്നുമല്ലെങ്കിൽ കല്യാണം! വില്ക്കാൻ മറ്റൊന്നുമില്ലാതെവരുമ്പോൾ നമ്മളെത്തന്നങ്ങു വിറ്റേക്കണം. അതാണ് എന്റെ പ്രമാണം!

ഗൗരിയമ്മ: (ടി. ആർ. ഓമന) പണം പോയെന്നുവെച്ച് തറവാടിന്റെ മാനംപോകുമോ? രാമമംഗലം തറവാട്ടുകാർക്ക് മാനമാണ് വലുത്.

പ്രക്കാട്ട് കുറുപ്പ്: (ആലുംമൂടൻ) നൂറ്റൊന്നു പശുക്കളെ കെട്ടിയ തൊഴുത്താ പ്രക്കാട്ടുകുറുപ്പന്മാരുടെ തൊഴുത്ത്. ഞങ്ങൾ വിറ്റുനശിച്ചവരാ. മാനമായിട്ടു വിറ്റു, മാനമായിട്ടു കുടിച്ചു, മാനമായിട്ടു നശിച്ചു, മാനമായിട്ടുതന്നെ മരിക്കും.

ആനശങ്കുപ്പിള്ള: (ശങ്കരാടി) ആനയെ വാങ്ങുന്നെങ്കിൽ നല്ല ആനയെ വാങ്ങണം. കുഴിയിൽവീണു കാലൊടിഞ്ഞതിനെ വാങ്ങരുത്.

വിജയമ്മ: (റാണിചന്ദ്ര) തന്റേടമില്ലാത്ത കാമുകനേക്കാൾ എത്രയോ ഭേദമാണ് പണക്കാരനായ ഒരു ഭർത്താവ്!

ചന്ദ്രമതി: (സുകുമാരി) എന്റെ ഈശ്വരാ! എനിക്കിങ്ങനെ വന്നല്ലോ. ദിവസം ആയിരവും രണ്ടായിരവും സമ്പാദിക്കുന്ന എത്രപേരാ എന്റെ പിറകേ നടന്നതു്. കാറും ലോറീം ബസ്സും റബ്ബർ എസ്റ്റേററുമൊള്ള എത്രപേരാ എന്നെ കല്യാണം കഴിക്കാനാലോചിച്ചതു്.

വത്സല: (ലളിത) സ്വർണ്ണം കൊടുത്തു് സ്നേഹം വിലയ്ക്കു വാങ്ങാനാവില്ല. സ്നേഹം കൊടുത്താലേ സ്നേഹം കിട്ടൂ. എനിക്കിന്നോളം സ്നേഹം കിട്ടിയിട്ടില്ല.

സുബ്രഹ്മണ്യനാശാരി: (മുത്തയ്യ) ഞാൻ ഇനിയൊരിക്കലും സ്നേഹം വിലയ്ക്കു വാങ്ങില്ല.

മണി: (ശോഭന) ഇതുവരെ എന്റെ ആങ്ങളമാരുടെ മുന്നിൽ ഒരു മിണ്ടാപ്രാണിയെപ്പോലെ ഞാൻ ജീവിച്ചു. ഹൃദയംകൊണ്ടു മാത്രമേ സംസാരിച്ചിട്ടുള്ളു. ഇന്നു — ഞാൻ നാവുകൊണ്ടു സംസാരിക്കട്ടെ.

ഈ കഥാപാത്രങ്ങളെ നിങ്ങൾക്കു പരിചയമില്ലേ? നിത്യവും നിങ്ങൾ കണ്ടുമുട്ടുന്ന സാധാരണ മനുഷ്യരുടെ കഥയാണിതു്. നമ്മുടെ സമൂഹത്തിന്റെ, കാലഘട്ടത്തിന്റെ കഥ!

★

## ഗാനം 1

ഗായകൻ: യേശുദാസ്.

ഓച്ചിറക്കളി കാണാൻ കൊണ്ടുപോകാം
ഓടുകാളേ........ !
ഓച്ചിറക്കളി കാണാൻ കൊണ്ടുപോകാം
ഓട്ടുമണി കിലുങ്ങുമാറു കുലുങ്ങുകാളേ
ഒരുവല്ലം കപ്പയുംകൊണ്ടോടുകാളേ

(ഓച്ചിറക്കളി........)

പോയാണ്ടു മിഥുനത്തിൽ
പൊന്നുങ്കുടം കൂടെവന്നു
നല്ല തഴപ്പായ കണ്ടു
കള്ളിയവളും കണ്ണടച്ചു
കൈനിറയെ വള വാങ്ങി
പായിലിടാൻ മെത്ത വാങ്ങി
കുളിരന്നു കൂടിവന്നു
കുപ്പിവള ചിരിച്ചുടഞ്ഞു........

(ഓച്ചിറക്കളി........)

ഈയാണ്ടുമിഥുനത്തിൽ
കളി കാണാൻ മൂന്നുപേരു്
പൊന്നുങ്കുടം കൂടെ വരും
കുഞ്ഞിനിടാൻ വള വേണം
കുഞ്ഞുടുപ്പിനു ശീല വേണം
കണ്ണടച്ചുകാണിക്കുമോ
കള്ളി വീണ്ടും വലയ്ക്കുമോ....?

(ഓച്ചിറക്കളി........)

## ഗാനം 2

പാടിയതു്: ജയച്ചന്ദ്രൻ

ഞാനൊരു പാവം മോററീസ്മൈനർ
അവളൊരു സെവൻറിവൺ ഇംപാലാ
ഫോറിൻ ഫിയേററിനെ പ്രേമിച്ചവളേ
മോററീസിനിനി ഉലകേ മായം!
ഈ മോററീസിനിനി വാഴ്‌വേ മായം.
"പോനാൽ പോകട്ടും പോടാ...."

(ഞാനൊരു........)

ഗിയറില്ല, ബ്രേക്കില്ല, ക്ലച്ചില്ലാ
റീ ബോറചെയ്യുവാൻ പണമില്ലാ
പുത്തൻ പെയിൻറിൻെറ മോടിയിൽ നിന്നെ
പററിക്കാനെനിക്കൊട്ടു കഴിഞ്ഞുമില്ലാ
മോററീസിനിനി ഉലകേ മായം
ഈ മോററീസിനിനി വാഴ്‌വേ മായം........
"എടാ! പോണെങ്കിലങ്ങോട്ടു പൊയ്ക്കോട്ടെ"

(ഞാനൊരു ... )

മോഹത്തിൻ പെട്രോളും നിറച്ചുവന്നു
മുറപ്പെണ്ണാമവളുടെ കരം പിടിക്കാൻ
മനസ്സിൽ കണ്ടതു വടി കുത്തിപ്പിരിഞ്ഞു
ടയർ പഞ്ചറായി ഞാൻ വഴിയിൽ വീണു
മോററീസിനിനി ഉലകേ മായം—ഈ
മോററീസിനിനി വാഴ്‌വേ മായം.
"പോട്ടെടാ. ഉം. പോട്ടെ. അങ്ങുപൊയ്ക്കോട്ടെ."

(ഞാനൊരു........)

★

## ഗാനം 3

പാടിയതു്: പി. സുശീല.

കൗരവസദസ്സിൽ കണ്ണീരോടെ
കൈകൂപ്പിനിന്നു പാഞ്ചാലി
അരുതേ! അരുതേ! സഹോദരാ!
അപമാനിക്കരുതേ—പെങ്ങളെ
അപമാനിക്കരുതേ........
യാചിച്ചും, ദേവി യാചിച്ചും
രാജസദാചാരം കണ്ണടച്ചു........

(കൗരവ ....)

ദുശ്ശാസനനൊരു ദുഃഖാഗ്നിയായി
ദുർഭഗ തൻ മുന്നിലെരിഞ്ഞുനിന്നു
അവളുടെ വസ്ത്രങ്ങളഴിച്ചു
അധികാരഗർവ്വമാർത്തുചിരിച്ചു
ജ്ഞാനികൾ മഹർഷികൾ തലകുനിച്ചു

(കൗരവ,........)

അഭിമാനത്തിൻ പട്ടട കണ്ടു
ആ സഭയിൽ പകലിരുണ്ടു
അഞ്ജനവണ്ണനെ വിളിച്ചു
അലമുറയിട്ടവൾ കരഞ്ഞു;
ആ വിളി ദ്വാരകയിൽ അലയടിച്ചു:
കൃഷ്ണാ! കൃഷ്ണാ! കൃഷ്ണാ....!
മാറു മറയ്ക്കാൻ മാനം കാക്കാൻ
വസ്ത്രം തരൂ! വസ്ത്രം തരൂ....
കൃഷ്ണാ.... .. കൃഷ്ണാ ...... കൃഷ്ണാ ....

(കൗരവ .. ....)

## ഗാനം 4

പാടിയതു്: യേശുദാസ്.

തുളസി പൂത്തതാഴ്‌വരയിൽ
തുമ്പ തുള്ളാൻ വന്ന കാറ്റേ!
തുമിഴിയിൽ കവിതയുമം
പൂവുകളെ പുണരുക നീ....
തുളസി പൂത്ത താഴ്‌വരയിൽ—കൃഷ്ണ
തുളസി പൂത്ത താഴ്‌വരയിൽ!

(തുളസി ....)

കളി പറയും നിന്റെ നാവിൽ
കസ്തൂരിമണമിവൾ പകരും
കളമൊഴിയവൾ നിന്റെ പാട്ടിൽ
കഥകളിപ്പദ മധു ചൊരിയും!

തുളസി.... )

താമരപ്പൂവിതളിൽനിന്നും
തങ്കക്കുടത്തിൻ ചുണ്ടിൽനിന്നും
പത്മരാഗം നുകർന്നെടുക്കാം
പകലൊളിക്കും കടം കൊടുക്കാം!

(തുളസി ... )

## ഗാനം 5

(ആനക്കാരൻ പണിക്കരും വണ്ടിക്കാരൻ പാച്ചുവും മോരുകാരി പാറുക്കുട്ടിയും ചേർന്ന് അവതരിപ്പിക്കുന്ന "**ഉർവ്വശീശാപം**" വില്ലാട്ട്)

പാടിയവർ: ബ്രഹ്മാനന്ദനും അയിരൂർ സദാശിവനും
സംഘവും

ശ്രീഗണനാഥനും വാണിതാനും—എന്റെ
ശ്രീശുകദേവാ! വിരിഞ്ചദേവാ!
വരണം—തവശരണം—കവിതരണം
മമ വരുണാലയാ....
തിരമാലപോലവേയിന്നെനിക്ക് ....!
ചെട്ടികുളങ്ങര വാഴുംഭഗവതി
ഒട്ടുംപിഴവരുത്തീടരുതേ!
കേശവനേയും ഞാൻ വന്ദിച്ചുപാടിടാം
മോശമാകരുതീ വില്ലാട്ട്!

(തന്തന്നി താനിന ......)

അപ്സരസ്ത്രീയാകും ഉർവ്വശിയൊരുനാൾ
അർജ്ജുനനെക്കണ്ടു;

ഇന്ദ്രന്റെ പത്നിയാം ഉർവ്വശിതൻമനം
തൊന്തരവിൽപ്പെട്ടു.
കോമളനാകുമാ വില്ലാളിയെകണ്ടു
കാമിനിയവൾ വലഞ്ഞു
കാമജ്വരംകൊണ്ടു നില്ക്കാനുംവയ്യാതായ്
ഇരിക്കാനും വയ്യാതായ്—ഉർവ്വശിക്കു്
നടക്കാനും വയ്യാതായ്
(തന്തന്നി താനിന........)

“എന്നെവിട്ടു നീ പോകരുതേ — അയ്യോ
എന്റെമനം തകരും!”
വേളികഴിക്കണമെന്നെയും നീയെന്നു
കാലുപിടിച്ചുചൊല്ലി — അവൾ
കാലുപിടിച്ചു ചൊല്ലി. (തന്തനി തന്നാന ......)

പാടില്ല പാടില്ല നിങ്ങളെന്റെ
അമ്മയാണോർക്കേണം
പാപം ഞാൻ ചെയ്യൂല, പ്രേമത്തിൽ
ഫൗളുഞാൻ ചെയ്യൂല!
പാർത്ഥനാകുന്ന ഞാനും ദേവേന്ദ്രന്റെ
പുത്രനാണോർത്തിടേണം.
പാപിനിയാകരുതേ — അയ്യോ, അമ്മേ
അങ്ങനെ നോക്കരുതേ! (തന്തനി തന്നാന........)

കാണാതിരിക്കാൻ വയ്യാ — നിന്നെ
കാണാതിരിക്കാൻ വയ്യാ
ഇന്ദ്രന്റെ ബന്ധം ഞാൻ ഡൈവോഴ്സുചെയ്തിടാം
നീയെന്നെ സ്വീകരിക്കു — അർജ്ജുനാ
നീയെന്നെ സ്വീകരിക്കു........

* * * *

“ദുഷ്ടേ! കുലടേ! കശ്മലേ! പോകനീ
എന്റെ കൺമുമ്പിൽനിന്നും
പ്രേമത്തിൻപേരിലീ വേഷങ്ങൾകെട്ടുകിൽ
വില്ലുകുലയ്ക്കും ഞാൻ!”
അങ്ങനെ ചൊല്ലിയ വിജയനെകണ്ടവൾ
അങ്കക്കലികൊണ്ടു
“ഷണ്ഡനായ ത്തീരും നീ”യെന്നുശപിച്ചു
വിഷണ്ണനായ ത്തീന്നർജ്ജുനൻ!

* * *

“അയ്യോ! ഞാന നിയെന്തുചെയ്യും — എന്റെ
മെയ്യാകെത്തളരുന്നു
ഭൂമിയിൽ ചെല്ലുമ്പോൾ പാഞ്ചാലിയോടിനി
എന്തുപറഞ്ഞീടും — അയ്യോ
എന്തുപറഞ്ഞിടും.”

* * *

ഓം നമോ ഭഗവതേ! വാസുദേവായ! (തന്തനി........)

അച്ചടി: ജനയുഗം പ്രസ്സ്, കൊല്ലം

# ഹസീനയുടെ അടുത്ത മലയാളചിത്രങ്ങൾ

'74 ആഗസ്റ്റ് 2-ന്

ചന്തമണിഫിലിംസ്

1. **അയലത്തെ സുന്ദരി**

സംവിധാനം: ഹരിഹരൻ

'74 ഒക്ടോബർ

ജൂലിയററ് പ്രൊഡക്ഷൻസ്

2 **നാദവും താളവും**

സംവിധാനം: നാരായണൻ

'74 നവംബർ

3 **ശ്രീകൃഷ്ണസത്യഭാമ**

(കളർ)

ജയലളിത, രാമറാവു.

'74 നവംബർ

ഭവാനി രാജേശ്വരി ആർട്ട്സ്

4 **ചട്ടമ്പി കല്യാണി**

സംവിധാനം: രാജീവൻ

'75 ഫെബ്രുവരി

രാജശില്പി ഫിലിംസ്

5. **അക്ഷയപാത്രം**

സംവിധാനം: ശ്രീകുമാരൻതമ്പി

'75 മേയ്

ബാലികാ മൂവീസ്

6. **ദ്വന്ദ്വയുദ്ധം**

'75 ഓണം സ്പെഷ്യൽ

ബാലികാ മൂവീസ് [illegible]ക്കുന്ന

മഹാകവി കുമാരനാശാ[illegible]

7. **ലീല**

(ഈസ്റ്റ്മാൻ


ഭൂഗോളം
തിരിയുന്നു
നോക്കരുതേ.